# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 465 02.12.2014-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധി

| | ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ; | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. |
| (ബി) | ധനപരമായ ബുദ്ധിമുട്ടിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബഡ്ജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരുന്നതിനാൽ റവന്യൂ വരവിൽ ഇടിവുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലും, വികസന പ്രവർത്തനങ്ങൾ കുറവു വരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ കാരണമായിട്ടുണ്ട്. |
| (സി) | ലഭിക്കാനുള്ള കേന്ദ്രവിഹിതം ലഭിക്കാത്തത് ധനപരമായ ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര വിഹിതമായി എന്ത് തുക ലഭിക്കാനുണ്ടെന്നു വ്യക്തമാക്കുമോ ; | കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്നത് സാമ്പത്തിക വർഷം അവസാനിച്ചശേഷമേ തിട്ടപ്പെടുത്താനാവൂ. |
| (ഡി) | ധനപരമായ ബുദ്ധിമുട്ടുകൾ മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ? | ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. |

സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധന വിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരി ശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപി ക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പു കൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപന ങ്ങൾ, എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷ റിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാ നത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെ യുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാ നിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടി ക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്ന തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അധികമാണെന്ന് കണ്ടെത്തിയ മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തി കളിൽ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരു മാനിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശ യാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടും ബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാ രുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശ ങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതു തായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലിക മായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ